# □മ □□ □ശ□ശ്യ□ഓണമണേ□ട
# □ശനഴ്ണൻ □സഥ



## □ര □□ □ന്ധ്ജേശ
## □തന്മ □□ശ്□ന്മ
## □ശ
## വ□□□□□□□







# ആത്മ എ യു പി സ്കൂൾ കാരപ്പറമ്പ്

## കോഴിക്കോട് സിറ്റി ഉപജില്ല

## കോഴിക്കോട് വിദ്യാഭ്യാസ ജില്ല

## കോഴിക്കോട് റവന്യൂ ജില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26

| വിഷയം / അധ്യായങ്ങൾ | പേജ് |
|---|---|
| ആമുഖം | 3 |
| വിദ്യാലയ ചരിത്രം | 4 |
| ആശയങ്ങൾ | 5 |
| പഠനാന്തരീക്ഷം | 6 |
| അധ്യാപകർ | 7 |
| പ്രവർത്തന പദ്ധതിയുടെ വിശദീകരണം | 8 |
| പ്രതിസന്ധികൾ പോരായ്മകൾ | 9 |
| കാലഘട്ടം ( ഉപസംഹാരം) | 10 |
| സാമൂഹ്യ ഇടപെടലുകൾ | 11 |
| ലക്ഷ്യങ്ങൾ | 12-15 |
| | 15- |

# ആമുഖം

കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിലെ സിറ്റി ഉപജില്ലയിൽ സ്ഥിതി ചെയ്യുന്ന ആത്മ എ യു പി സ്കൂൾ കാരപ്പറമ്പ് കുട്ടികളുടെ മികവാർണ പഠനത്തിനും അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹ്യ പിന്തുണയും വിദ്യാലയത്തിന് അനുകൂലമാണ്. എസ് എസ് ജി അംഗങ്ങൾ,എസ് എം സി അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, പിടിഎ, രക്ഷിതാക്കൾ, സന്നദ്ധ പ്രവർത്തകർ എന്നിവർ വിദ്യാലയത്തെ മികവിക്കാനുള്ള തീവ്രശ്രമത്തിലാണ്.

നിലവിൽ ഒന്നു മുതൽ ഏഴു ക്ലാസുകളിൽ ആയി 109 കുട്ടികളും 10 അധ്യാപകരും ഉണ്ട്. പിടിഎയുടെ ശ്രമഫലമായി നടത്തുന്ന പ്രീ പ്രൈമറിയിൽ 11 കുട്ടികളും ഒരു അധ്യാപികയും ഒരു ആയയും ഉണ്ട്. വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണത്തോടെ ആത്മ എ യുപി സ്കൂൾ മുൻ നിരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

# വിദ്യാലയ ചരിത്രം

ആത്മ അപ്പർ പ്രൈമറി സ്കൂൾ എന്ന പേരിൽ ഇന്നറിയപ്പെടുന്ന ഈ വിദ്യാലയം 1933 മെയ് മാസത്തിലാണ് ആരംഭിച്ചത്. കാരപ്പറമ്പ് മുൻസിപ്പൽ ഹയർ എലമെന്ററി സ്കൂളിൽ ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പഠനം തുടരുവാൻ വിഷമമായ സാഹചര്യത്തിൽ ശ്രീ പാണർകണ്ടി ആണ്ടി മാസ്റ്റർ ഒരു വിദ്യാലയം ആരംഭിക്കുവാൻ തീരുമാനിച്ചു. അങ്ങനെ ആത്മഹയർ എലമെന്ററി സ്കൂൾ എന്ന പേരിൽ 1933 മേയ് 19 ആം തീയതി രാവിലെ 10 മണിക്ക് ജനാബ് അബ്ദുറഹിമാൻ സാഹിബ് ഈ സ്ഥാപനം ഉദ്ഘാടനം ചെയ്തു. കാരപ്പറമ്പ് പ്രവർത്തിച്ചിരുന്ന മാപ്പിള എലമെന്ററി സ്കൂൾ 1968 ഇതോടൊപ്പം കൂട്ടിച്ചേർത്ത് ഒരു പരിപൂർണ്ണ യുപി സ്കൂൾ ആക്കി മാറ്റി.

# ആശയങ്ങൾ

പരിമിതമായ സൗകര്യങ്ങളുള്ള വിദ്യാലയത്തിൽ പരിമിതികളിൽ നിന്നുകൊണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വരുന്നു. സ്കൂളിന്റെ മൂന്ന് ബ്ലോക്കുകൾ പുനരുദ്ധാരണം നടത്തുകയും വലതുഭാഗത്തുള്ള കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ പുതിയ കെട്ടിടത്തിന്റെ മുകളിൽ ഹാൾ നിർമ്മിക്കണം. എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ട് പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതകൾ അന്വേഷിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണം. സ്കൂളുകളിൽ ക്ലാസ് മുറികൾ യാഥാർത്ഥ്യമാക്കണം.

നിലവിലെ അടുക്കള വിപുലപ്പെടുത്തണം. ടോയ്ലറ്റ് ആൻഡ് പെൺ തിരിച്ച് ആധുനിക സൗകര്യങ്ങളുടെ നിർമ്മിക്കണമെന്നും ആഗ്രഹിക്കുന്നുണ്ട്. അതോടൊപ്പം അക്കാദമിക അക്കാദമികേതന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്പോക്കൺ ഇംഗ്ലീഷ് പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം എൽ.എസ്.എസ് & യു,എസ്.എസ് വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം, ഗണിതം രസകരമാക്കുന്നതിന് അബാക്കസ് പരിശീലനം, കായിക പ്രവർത്തനങ്ങളായി ഫുട്ബോൾ പരിശീലനം കരാട്ടെ പരിശീലനം, ഊഞ്ഞാൽ സീസോ സ്ലൈഡ് തുടങ്ങിയ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്, ഇവ ഇനിയും മെച്ചപ്പെടുത്തണം

# പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ സ്കൂളിൽ ലഭ്യമാണ്. അനുയോജ്യമായ ക്ലാസ് മുറികളും, അവസര സമത്വം,ക്ലാസ് മുറികളിലെ ജനാധിപത്യം, സ്വതന്ത്ര ചിന്ത, ലിംഗ സമത്വം, എല്ലാവിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന ക്ലാസ് അന്തരീക്ഷവും സ്കൂളിന്റെ പ്രത്യേകതയാണ്. പാഠ്യപദ്ധതിക്ക് ആവശ്യമായ പഠനോപകരണങ്ങൾസ്കൂളിൽ ലഭ്യമാണ്.

ക്ലാസിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും സ്കൂളിൽ ലഭ്യമാണ്. കുട്ടികൾക്കാവശ്യമായ കളി സ്ഥലവും, കളി ഉപകരണങ്ങളും സ്കൂളിൽ ലഭ്യമല ജുമ്പ ഡാൻസ്, കരാട്ടെ പരിശീലനം, അബാക്കസ് ക്ലാസുകൾ,ഫുട്ബോൾ കോച്ചിംഗ് എന്നിവയും സ്കൂളിൽ ലഭ്യമാണ്. പഠനാന്തരീക്ഷംമെച്ചപ്പെടുത്തുന്നതിനായി സന്നദ്ധ സംഘടനകളുടെയും, എസ് എം സിഅംഗങ്ങളുടെയും, എസ് ജി അംഗങ്ങളുടെയും, പിടിഎ ഭാരവാഹികളുടെയുംആത്മാർത്ഥ സമീപനങ്ങൾ ലഭിക്കുന്നുണ്ട്.അധ്യാപകർ പാഠ്യപദ്ധതിക്ക് അനുസൃതമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയംവിലയിരുത്തേണ്ടത് അത്യാവശ്യമാണ്. സ്വതന്ത്രവും നിർഭയവുമായഅന്തരീക്ഷത്തിലാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻപോകുന്നതെന്നും, പഠനസാമഗ്രികളുടെ യഥാസമയം ലഭ്യതഉറപ്പുവരുത്തുകയും, ആവശ്യമായ പ്രാദേശിക വിഭവങ്ങൾലഭിക്കുന്നുണ്ടോ എന്നും അധ്യാപകർവിലയിരുത്തേണ്ടതുണ്ട്. പഠനാന്തരീക്ഷത്തിന് ആവശ്യമായ സാമൂഹിക പിന്തുണയും,

അധ്യാപക രക്ഷാകർത്ത് ബന്ധവും അധ്യാപകർ ഉറപ്പാക്കേണ്ടതുണ്ട്.

# അധ്യാപകർ

## അധ്യാപകരുടെ എണ്ണം

## നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക അധ്യാപകർ | OA |
|---|---|---|---|---|
| LP | 5 | 5 | 0 | 1 |
| UP | 5 | 4 | 1 | |

# പ്രവർത്തന പദ്ധതിയുടെ വിശദീകരണം

നടപ്പിലാക്കുവാൻ സാധിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വിവരസമാഹരണം ആവശ്യമായ സാമ്പത്തികം എന്നിവയൊക്കെ ഉൾപ്പെടുത്തണം

# പ്രതിസന്ധികൾ പോരായ്മകൾ

അക്കാദമികവും അക്കാദമികേതനവും ആയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പിടിഎക്ക് നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി വലിയ തടസ്സമാണ്. ഭൂരിഭാഗം വിദ്യാർത്ഥികളും സാമ്പത്തിക പരാധീനത അനുഭവിച്ചു വരുന്നവരാണ്. കൂലിപ്പണി ചെയ്തു ഉപജീവനം നടത്തുന്നവരാണ് ഭൂരിഭാഗം രക്ഷിതാക്കളും. മാനേജ്മെന്റ് സ്കൂളുകൾ സ്കൂൾ ആയതുകൊണ്ട് ഗവൺമെന്റ് ഫണ്ട് പരിമിത മായാണ് ലഭ്യമാവുന്നത്. ഈ പ്രതിസന്ധി PTA,MPTA,SSG മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ ഒരു പരിധിവരെ പരിഹരിക്കപ്പെടണം.

# സാമൂഹ്യ ഇടപെടലുകൾ

സാമൂഹ്യ ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങളാണ്, പിടിഎ,എസ്എംസി, മദർ പിടിഎ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ,വിദ്യാലയ വികസന സമിതി, വിവിധ വകുപ്പുകളിലെ മെമ്പർമാർ, സന്നദ്ധ സംഘടനകൾ, പ്രാദേശിക വിദഗ്ധർ, കായിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നസംഘടനകൾ ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ ആയിട്ടുള്ള കായികതാരങ്ങൾ എന്നിവ.ഈ അംഗങ്ങളെല്ലാം തന്നെ സ്കൂളിന്റെ വികസനത്തിന് ആവശ്യമായ പിന്തുണനൽകുന്നുണ്ട്.

സ്കൂളിൽ കായികാധ്യാപകൻ ഇല്ലാത്തതുകൊണ്ട് കായികപരമായ പ്രവർത്തികൾ വേണ്ടവോളം ചെയ്യുവാൻ കഴിയുന്നില്ല. ഇത് കുട്ടികളിൽ ആരോഗ്യപരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളായ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ സ്കൂൾ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കാറുണ്ട്. അവർക്ക് ആവശ്യമായ സൗകര്യങ്ങൾ അല്പം കൂടിമെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂളിൽ നായ ശല്യം വല്ലാതെ കൂടുതലാണ്. അത് വിദ്യാർത്ഥികൾക്ക് ഭയ O അനുഭവപ്പെടുന്നുണ്ട്.

# ലക്ഷ്യങ്ങൾ

മുഴുവൻ വിദ്യാർത്ഥികൾക്കും ഭാഷാ വിഷയങ്ങളും ഗണിതവും പരാശ്രയം ഇല്ലാതെ എഴുതുന്നതിനും വായിച്ചു മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കൽ

ഭാഷാ വിഷയങ്ങളും ഗണിതവും മറ്റു ശാസ്ത്ര വിഷയങ്ങളിലും പഠനം എളുപ്പമാക്കുന്നതിന് എസ് എസ് ജി അംഗങ്ങൾ റിസോഴ്സ് അധ്യാപകർ വിദ്യാർഥികൾ തുടങ്ങിയവരുടെ സഹായം തേടണം.. വിദ്യാർഥികളുടെ കലാകായിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

പിന്തുണയും സാമ്പത്തിക സഹായവും അക്കാദമികേതര പ്രവർത്തനങ്ങൾക്ക് ഉണ്ടാവണം.

ഫുട്ബോൾ കരാട്ടെ അബാക്കസ് എന്നിവ സ്കൂളിൽ നടന്നു വരുന്നുണ്ട് ഇത് കൂടുതൽ കാര്യക്ഷമമാവണം ഇതിന് ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തണം.

സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക

കായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കാനുള്ള അവസരം ഒരുക്കുക.

പത്രവാർത്ത ക്വിസ് നടത്തി അറിവുകൾ വർധിപ്പിക്കുക

കായിക പരിശീലനങ്ങളായ ഫുട്ബോൾ കരാട്ടെ എന്നിവയിൽ പരിശീലനം നൽകി മാനസികവും ശാരീരികവുമായ ഉന്മേഷം കുട്ടികൾക്ക് നൽകുന്നു.

കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അബാക്കസ് പരിശീലനം നൽകുന്നു

മുഴുവൻ വിദ്യാർത്ഥികൾക്കും വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിലും ഓരോ കുട്ടിക്കും തരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ ശേഷികൾ മനോഭാവങ്ങൾ മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി ലൈബ്രറി ശാസ്ത്രീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും നടത്തുന്നു.

ICT സാധ്യതകൾ വികസിപ്പിക്കുന്നതുമായി കമ്പ്യൂട്ടർ ലാബ് സംവിധാനം ഒരുക്കണം.

വ്യക്തി ശുചിത്വ പ്രവർത്തനങ്ങൾ

ഭിന്നശേഷി സൗഹാർദ്ദ വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ

# ഉപസംഹാരം

അക്കാദമിക മാസ്റ്റർ പ്ലാൻ വിവിധ ഘട്ടങ്ങളിലൂടെ ക്രോഡീകരിക്കണം

3 ഘട്ടങ്ങളിലായാണ് സ്കൂളിൽ അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

ജൂൺ മുതൽ ആഗസ്റ്റ് വരെ

സെപ്റ്റംബർ മുതൽ നവംബർ വരെ

ഡിസംബർ മുതൽ ഫെബ്രുവരി വരെ

| മലയാളം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ഭാഷ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം. | ആവശ്യമായ സാമഗ്രികൾ ഉൾപ്പെടുത്തി ക്ലാസ്. | ലക്ഷ്യം നേടുന്ന വരെ. | ക്ലാസ്സ് ടീച്ചർ. |
| വായന വളർത്തൽ. | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ , വായണക്കുറിപ്പ് തയ്യാറാക്കൽ. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| അറിവ് ഡോക്യുമെന്ററി യിലൂടെ നേടൽ. | പാഠ ഭാഗവുമായി ബന്ധപ്പെട്ട വീഡിയോ സങ്കടിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| സർഗാത്മക കഴിവ്. | കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ അവതരിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നു | ഓർമ്മ ദിനങ്ങൾ ആചരിക്കൽ . പുസ്തക പരിചയം .ക്വിസ് | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ | | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. | | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല. | | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |

| | | | |
|---|---|---|---|
| ീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ. | | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു. | | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| | | | |
| **ഗണിതം** | | | |
| | | | |
| രസകരമായി പഠന പ്രവർത്തനങ്ങൾ (ചതുഷ് ക്രിയകൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം (ഡയസ്, പാമ്പും ഏണിയും കളി) | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| ഒറിഗാമി | ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ | ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിതം എളുപ്പമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനോപകരണ നിർമ്മാണം. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു . | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു, പോരായ്മകൾ കണ്ടെത്തി | ആഴ്ച്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും ചേർന്ന്. |

| | | | |
|---|---|---|---|
| | ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | |
| വിവിധ ശേഷി കളുടെ വികസനം. | ദിനാചരണം. ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG |
| | | | |
| അടിസ്ഥാന ഗണിത പ്രക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശിൽപശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, ഈർക്കിൽ,മഞ്ചാടി ക്കുരു, മുത്തുകൾ , ഫ്ലാഷ് കാർഡ് മുതലായവ ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകൻ |
| ഗ്യോഗണിത പഠന പ്രവർത്തനങ്ങൾ സുഗമ മാക്കൽ. | വിദ്യാലയത്തിൽ അബാകസ് പരിശീലനം നൽകുന്നു.ക്രിയകൾ എളുപ്പമാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു. | ഒരു വർഷം മുഴുവനും. | Subject expert |
| ഗണിതം മധുര മാക്കാൽ | | | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ( മറ്റു മേഖലയിൽ പ്രവർത്തിക്കുന്നവർ ) കൊണ്ടുവന്ന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ | ആവശ്യാനുസരണം | PTA യുടെ സഹായത്തോടെ ഗണിത ക്ലബ് |

| | | | |
|---|---|---|---|
| | ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | | |
| IT – സാധ്യതകൾ ഗണിത പഠനത്തിൽ ബന്ധപ്പെടുത്തൽ. | IT സാധ്യതകളിലൂടെ geometric pattern, ചതുഷ് ക്രിയകൾ , Tangram, ഇതു പോലുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ |
| ശാസ്ത്ര താൽപര്യം വളർത്തൽ | സയൻസ് പാർക്ക് സന്ദർശനം, വാന നിരീക്ഷണം, ദൈനംദിന ജീവിത വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| കേരളം, ഇന്ത്യ ഭൂപട വായന | ഭൂപടം രചന , വായന സൂചികാ നിർമ്മാണം | ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| **ENGLISH** | | | |
| | | | |
| Improvement of reading and writing skills | Assembly | Year | Class teacher |
| Write English without any corrections | Write diary every day | Year | Class teacher |
| To improve the reading skill. | Read books ( class library) | Two weeks | Class teacher |
| Develop creative writing skills | Magazine | Three months | Class teacher |
| To enrich the listening and speaking skill | Pre test bridge course based on readiness Dictionary work startsEnglish club - inauguration | June 1st & 2nd week | |
| Reading skill enrichment reading cards practice reading week | book exhibition, reading day readers' group formation story completion | july 2nd week June 3rd week 19 th June 20 th 26 th | Class teacher |
| to enrich the writing skill story completion - extended | Independence day speech English assembly | july ( throughout the year) August | Class teacher |

| | | | |
|---|---|---|---|
| | Teacher's day-making cards for teachers English bulletin board Funtime Fanta-funny questions, funtime | | |
| to enrich self learning and speaking theatre activities | children's day speech, recitation and other activities The grand camp includes parents and subject experts in this and practicing sessions 5th story telling, story writing | October november | Class teacher |
| learning and speaking theatre activities | (collaborative work_ parents who love English, subject experts) 6th Role play, modelling 7th reels, advertisement magazines from each class Fashion show reels workshop activities English assembly | June to march | Class teacher |
| | English Enrichment Programs English Fest- various competitions for the empowerment of children through language learning follow up | February march | include parents teachers and subject experts |
| Science & social | | | |

| | | | |
|---|---|---|---|
| | | | |
| ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുക | **റോഡിലും എ പ്ലസ്**<br>ട്രാഫിക് പോലീസ് ഉദ്യോഗസ്ഥന്റെ സഹായത്തോടുകൂടി ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുന്നു | ജൂൺ ആരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ അണിയറിയിലേക്ക്**<br>ഗ്രാമസഭ, നഗരസഭ എന്നിവയിൽ പങ്കെടുത്തു ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അധ്യയന വർഷം ആരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | **ഓപ്പറേഷൻ ഡീഹണ്ട് സ്കൂൾ**<br>സൈബർ പോലീസ് സുരക്ഷ ഉദ്യോഗസ്ഥരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും സൈബർ കുറ്റ കൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | ജൂൺ മാസം പകുതി | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| പത്രവാർത്തകൾ, ആനുകാലികങ്ങൾ വായിച്ച് അറിവു നേടുക ക്വിസ് മത്സരങ്ങളിൽഎസ്.എസ്- പരീക്ഷകളിൽ ഉന്നതവിജയം നേടുക. | **അറിവുത്സവം**<br>ക്ലാസിൽപത്രം,ആനുകാലിക പ്രസിദ്ധീകരണങ്ങൾതുടങ്ങിയവ വിതരണം ചെയ്യുകയും ഓരോ മാസാവസാനവും പത്രക്വിസ് നടത്തുകയും ചെയ്യുക. | അധ്യായന വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| | | | |
| | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനതിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴവൻ | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര താൽപര്യം വളർത്തൽ | സയൻസ് പാർക്ക് സന്ദർശനം, വാന നിരീക്ഷണം, ദൈനംദിന ജീവിത വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| കേരളം, ഇന്ത്യ ഭൂപട വായന | ഭൂപടം രചന , വായന സൂചികാ നിർമ്മാണം | ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| പ്രകൃതിയെ അറിയാൻ വ്യക്തിത്വവും ശുചിത്വവും പ്രവർത്തനം: | പോസ്റ്റർ രചന മത്സരം കർഷകരുമായി അഭിമുഖം | ആറുമാസം | ക്ലാസ്സ് ടീച്ചർ |
| | | | |